# GVLPS CHITTUR

## ACADEMIC MASTER PLAN

## 2025 - 26



## അക്കാദമിക് മാസ്റ്റർ പ്ലാൻ

## (ക്ലാസ് 1 മുതൽ 4 വരെ)

പ്രാഥമിക വിദ്യാഭ്യാസം ഒരു കുട്ടിയുടെ പഠനയാത്രയുടെ അടിസ്ഥാനമുറയാണ്. ഈ ഘട്ടത്തിൽ അക്ഷരജ്ഞാനം, സംവേദനശേഷി, ചിന്തനശേഷി, സംശയപരിശോധനാ സമീപനം, സ്വയം അന്വേഷിക്കാനുള്ള കഴിവ് എന്നിവ വളർത്തുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്.

ഈ ലക്ഷ്യങ്ങൾ മെനഞ്ഞ് ആസൂത്രണം ചെയ്തതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ ക്ലാസ് തലത്തിലും കുട്ടികളുടെ പ്രായാനുസൃതവും മാനസിക വളർച്ചയുമായി യോജിച്ചവണ്ണം വിവിധ വിഷയങ്ങളിലായി പ്രവൃത്തികളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ പഠനം ശിശുകേന്ദ്രീകൃതമായും പ്രക്രിയാധിഷ്ഠിതമായും നടത്തുകയാണ് പദ്ധതിയുടെ ദൗത്യവും ദിശയും.

ഈ പദ്ധതിയിൽ പ്രധാനമായും ഉൾക്കൊള്ളുന്നത്:

* ഭാഷാ വൈഭവം വളർത്തുന്ന വായനയും എഴുത്തും
* ഗണിതശാസ്ത്രത്തെ പരിചിതത്വത്തിലൂടെ ആകർഷകമാക്കുന്ന അഭ്യാസങ്ങളും ഗെയിമുകളും
* പരിസ്ഥിതിയെ അറിയാനും അതോടൊപ്പം വളരാനും പ്രേരിപ്പിക്കുന്ന പഠനാനുഭവങ്ങൾ
* സാംസ്കാരിക, സാംഘടിക, ശാസ്ത്രീയ കാഴ്ചപ്പാടുകൾ വളർത്തുന്ന സൃഷ്ടിപരമായ പ്രവർത്തനങ്ങൾ

**ഇതിലൂടെ ഓരോ വിദ്യാർത്ഥിയുടെയും സമ്പൂർണ്ണവും സമഗ്രവുമായ ബൗദ്ധികവും സാമൂഹികവുമായ വളർച്ചയ്ക്ക് വഴിയൊരുക്കുകയാണ് പ്രധാന ലക്ഷ്യം.**

# CLASS 1

## മേഖല: അക്കാദമികം                    ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുന്നതിന്<br><br>* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നതിന് വായിക്കുന്നതിനും<br><br>* സ്വന്തമായി ഡയറി എഴുതുന്നതിന് | * വായന-<br>ചിത്ര വായന വായനാക്കുട്<br>ഒരുക്കൽ വായനാക്കാർഡ് തയ്യാറാക്കൽ<br>* ലേഖനം-<br>ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ/ പദങ്ങൾ കണ്ടെത്തുന്ന എഴുതുന്ന<br>സംയുക്ത ഡയറി എഴുത്ത്<br>സാങ്കൽപ്പിക ഡയറി എഴുതുന്ന<br>വരികൾ കൂട്ടിച്ചേർക്കുന്ന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br><br>SRG<br><br>SMC | PTA |

# ENGLISH

| Aim | Activities | Time | Support | Financial resources- |
|---|---|---|---|---|
| To read, write and speak simple english without mistake | * Reading<br>Rhyming words<br>Find words from Reading materials<br>Read simple sentences<br><br>* Writing<br>Make word web<br>Picture description | June to march | Teachers<br><br>SRG<br><br>SMC | PTA |

**മേഖല: അക്കാദമികം** **ഉപമേഖല : പരിസരപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിന്<br><br>* ചുറ്റുപാടുകളെ അറിയുന്നതിനും വിവിധ സസ്യങ്ങളെ പരിചയപ്പെടുന്നതിനും | * നാടൻ വിഭവങ്ങളുടെ ഭക്ഷ്യമേള- രുചി തിരിച്ചറിയൽ<br><br>* അടുക്കളത്തോട്ടം, പുഷ്പോദ്യാനം | ജൂൺ മുതൽ ഓഗസ്റ്റ് വരെ<br><br>സെപ്റ്റംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>ഉച്ച ഭക്ഷണം കമ്മിറ്റി | PTA |

## മേഖല: അക്കാദമികം          ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br><br>* രണ്ടക്ക സംഖ്യകളുടെ പകുതി, തുല്യം, കൂടുതൽ, കുറവ് വിശദീകരിക്കുന്നു | * ഗണിത കിറ്റ് തയ്യാറാക്കൽ<br><br>* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു,ഒറ്റ സംഖ്യകൾ, ഇരട്ടസംഖ്യകൾ, വലിയ സംഖ്യ, ചെറിയ സംഖ്യ<br><br>* സങ്കലനം,വ്യവകലനം എന്നീ ചിഹ്നങ്ങളിൽ തിരിച്ചറിവ് നേടുന്നു | ജൂൺ - ജൂലൈ<br><br>ഓഗസ്റ്റ് - ഒക്ടോബർ<br><br>നവംബർ - മാർച്ച് | ക്ലാസ് ടീച്ചർ<br><br>SRG<br><br>SMC | PTA |

# CLASS 2

## മലയാളം

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

* ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

### മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

* കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

# പ്രവർത്തനങ്ങൾ

## ജൂൺ

* ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

**നവംബർ**

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

**ഫെബ്രുവരി**

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

**മാർച്ച്**

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

* വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ENGLISH

## AIMS

* To speak, Read, & write English without any mistakes.
* To develop listening skills & reading skills

## ACTIVITIES

***Listening skills***

* Games

* Action songs

* Hello English activities

***Conversations***

* skit

* stories

Use ICT

## *Speaking skills*

* Descriptions
* Growing sentences
* Picture reading
* Picture description
* Self introduction
* Assembly activities
* Speech
* Book review
* Quiz riddles
* School radio

## *Reading skills*

* News paper reading
* Library books reading
* Book review
* Reading breaking news
* Find words
* Collect and read past tense
* Rhyming words
* Describing words
* Textbook activities

## *Writing skills*

* Make word web
* Picture description
* Word chain sentence chain
* Make words,& sentences
* Make riddles
* Conversations
* Add more lines
* Develop story
* Description
* Notice proclamation
* Diary
* Letter Announcement
* Magazines

---

# ഗണിതം

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ

* പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു.

## പ്രവർത്തനങ്ങൾ

**ജൂൺ**

* 1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

**ജൂലൈ**

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

* പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

**ആഗസ്റ്റ്**

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**

* ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

* വിലവിവരപട്ടിക തയ്യാറാക്കൽ

* ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

* സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**

* സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ  നോട്ട് നാണയം

* "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

**ഡിസംബർ**

* സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

* സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

* പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

* സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.

* ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ

* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

* കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# CLASS 3

# മലയാളം

## ലക്ഷ്യങ്ങൾ

* പഠനലക്ഷ്യങ്ങൾ മുന്നിൽ വച്ച് എല്ലാ കുട്ടികളെയും ഭാഷാ വിജ്ഞാനത്തിലേക്ക് നയിക്കുക.
* പാട്ടുകൾ കവിതകൾ എന്നിവ ആശയ വ്യക്തതയോടും താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
* കഥ, കവിത, നാടൻ പാട്ടുകൾ ,കടങ്കഥകൾ, പഴഞ്ചൊല്ലുകൾ മുതലാവ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നു.
* പ്രതിഭാശാലികളായ വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനാവശ്യമായ വേദികൾ സജ്ജമാക്കുക.
* രചനകൾ ഭാവത്മകമായി വായിക്കുക.
* വായനാശീലവും എഴുത്തുശേഷിയും വളർത്തുന്നതിനായി വിവിധമാദ്ധ്യമങ്ങൾ ഉപയോഗിക്കുക.
* സർഗാത്മ രചനകൾ നടത്തുക.
* കഥകളേയും കവിതകളേയും മറ്റും നാടകം പാവനാടകം, റിഡേഴ്സ് തിയറ്റർ തുടങ്ങിയ രീതിയിൽ ആവിഷ്കരിക്കുന്നു.
* ICT ഉപാധികളുടെ സഹായത്തോടെ ഭാഷാ അധ്യയനത്തിന് സാങ്കേതിക പിന്തുണ നൽകുന്നു.

## പ്രവർത്തനങ്ങൾ

**ജൂൺ – ജൂലൈ**

**1. കനകച്ചിലങ്ക**

* നാടൻ പാട്ടുകൾ, പഴഞ്ചൊല്ലുകൾ എന്നിവ ശേഖരിക്കുകയും വിശദീകരിക്കുകയും ചെയ്യുക.
* കഥാശേഖരണം (നാട്ടുകഥകൾ)* കഥാശേഖരണം (നാട്ടുകഥകൾ)

* നാടൻ പാട്ടുകൾ ശീലിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട കവിതകൾ അവതരിപ്പിക്കുകയും ചെയ്യുക.

* നാടൻ കഥകൾ അടിസ്ഥാനമാക്കി കഥമത്സരങ്ങൾ സംഘടിപ്പിക്കുക.

* നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല )

* ശേഖരണം - കടങ്കഥകൾ പാട്ടുകൾ , കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്.

* കലാകാരനെ പരിചയപ്പെടാം അഭിമുഖ സംഭാഷണം

* കലാരൂപങ്ങൾ വേഷവിധാനം -ചിത്ര ശേഖരണം - ആൽബം.

* പാവനാടകം - അവതരണം.

**ആഗസ്റ്റ് – സെപ്റ്റംബർ**

**2. പലഹാരപ്പൊതി**

* കുട്ടികൾ പാഠങ്ങളിൽ നിന്നുള്ള പുതിയ വാക്കുകൾ ശേഖരിച്ച് ക്ലാസ് ലൈബ്രറിയിൽ പ്രദർശിപ്പിക്കുക.

* നാടക ശില്പശാല .

* ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കുന്നു.

* റോൾപ്ലേ അവതരണം

* ആഹരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം

* പാചക കുറിപ്പ് തയ്യാറാക്കൽ.

* നാടൻ പലഹാരങ്ങളുടെ പ്രദർശനം.

* കത്തുകൾ തയ്യാറാക്കൽ .

* ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം.

* വ്യക്തിഗതവും കൂട്ടായ്മയായും പഠനാനുഭവങ്ങൾ ക്രമീകരിക്കുക.

* ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം

*സ്കൂൾ പത്രം തയ്യാറാക്കൽ.

*ശുചിത്വ വിദ്യാലയം - ശുചിത്വ പരിപാടി തയ്യാറാക്കൽ

**ഒക്ടോബർ**

**3. മനുഷ്യന്റെ കൈകൾ**

* കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം

* കൃഷിയിടം സന്ദർശനം .

* വിദ്യാർഥികളിൽ നിന്നും കുടുംബത്തിലെ കൃഷിയനുഭവങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.

* കുട്ടിക്കളികൾ -കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്.

* നാടൻപാട്ട് ശില്പശാല .

**നവംബർ – ഡിസംബർ**

**4. അപ്പൂപ്പൻ താടി**

* ഞങ്ങൾ അറിഞ്ഞ വേനൽ അനുഭവം - അനുഭവ രചന

* മഴക്കാഴ്ചകളും മഴക്കളികളും - കുറിപ്പ്.

* കവിതാലാപനം

* ഭാവാത്മക വായന

* സ്വയം രചിച്ച മഴക്കവിതകൾ ചൊല്ലൽ

* യാത്രാനുഭവക്കുറിപ്പ്.

* വിശേഷണം ചേർത്ത പ്രയോഗം പട്ടിക - ഭാവങ്ങളും വികാരങ്ങളും , വാനക്കുറിപ്പ്.

* റോൾപ്ലേ.

* പ്രകൃതി നടത്തം.

**ജനുവരി – ഫെബ്രുവരി.**

**5. നമ്മളൊന്ന്**

* പാവനാടകം

* റോൾപ്ലേ

* കവിത ചൊല്ലൽ

* ആശംസാ  വാക്യങ്ങൾ നിർമ്മിക്കൽ

* ചിത്രത്തെ അടിസ്ഥാനമാക്കിയ കുറിപ്പ്.

* മെച്ചപ്പെടുത്തി എഴുതിയ കത്തുകൾ.

* സിനിമ കണ്ട് സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയ കുറിപ്പ്.

* അനുഭവക്കുറിപ്പ്.

* കവിതയ്ക്കു ചേർന്ന ചിത്രം, കുറിപ്പ്, ചിത്രവായന, കേട്ട കഥ സ്വന്തം വാക്യത്തിൽ എഴുതിയത്.

**മാർച്ച്**

**6. മാനത്തോളം.**

* കഥയിലെ ഇഷ്ടഭാഗം ചിത്രീകരിക്കൽ

* വാസസ്ഥലം നഷ്ടപ്പെട്ട ജീവികളുടെ സങ്കടങ്ങൾ പറഞ്ഞു കൊണ്ടുള്ള കത്ത്.

* സ്വയം കവിത ചൊല്ലൽ.

* അനുഭവക്കുറിപ്പ്.

* മാജിക്ക് ഷോ അറിയിപ്പ്

* കണ്ടെത്തിയ അത്ഭുതങ്ങളെക്കുറിച്ച് കവിത /കഥ/ വിവരണം.

* പ്രകൃതിയിലെ അത്ഭുതങ്ങളെക്കുറിച്ച് രചന

---

# പരിസരപഠനം

## ലക്ഷ്യങ്ങൾ

* വിദ്യാർത്ഥികളിൽ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള സ്നേഹവും ഉത്തരവാദിത്വബോധവും വളർത്തുക.

* പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയ ധാരണകൾ, നിരീക്ഷണശേഷി, അന്വേഷണ മനോഭാവം എന്നിവ ഉണർത്തുക.

* ജൈവവൈവിധ്യത്തെ കുറിച്ചുള്ള അറിവും അവയുടെ സംരക്ഷണത്തിനുള്ള ചിന്താഗതിയും വളർത്തുക.

* ആരോഗ്യകരമായ ജീവിതശൈലി, ശുചിത്വം, ശരിയായ ആഹാരശീലങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്കരണം നടത്തുക.

* സാമൂഹിക ബാധ്യതകൾ, റോഡ് സുരക്ഷ, പ്രഥമ ശുശ്രൂഷ തുടങ്ങിയ കാര്യങ്ങളിൽ അവബോധം വികസിപ്പിക്കുക.

* ശാസ്ത്രീയമായ നിരീക്ഷണം, ഫീൽഡ് ട്രിപ്പുകൾ, ഡോക്യുമെന്ററികൾ, മാതൃകകൾ, കാർഡുകൾ, ICT ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് അറിവ് ആഴപ്പെടുത്തുക.

* പാഠ്യപദ്ധതിയുമായി ചേർത്ത് അനുഭവാത്മകമായ പഠന രീതികൾക്കുവഴി സ്വതന്ത്രചിന്തയും ടീമ്വർക്കും പ്രോത്സാഹനം നൽകുക.

## പ്രവർത്തനങ്ങൾ

**ജൂൺ – ജൂലൈ**

* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നടൽ. പരിപാലനം.
* പ്രകൃതി നടത്തം
* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്ന പ്രത്യേകതകൾ മനസ്സിലാക്കുന്നു
* വിവിധ ആവാസ വ്യവസ്ഥകൾ ഫീൽഡ് ട്രിപ്പ്
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ ഡോക്യുമെന്ററി പ്രദർശനം

**ജൂലൈ – ഓഗസ്റ്റ്**

* ജൈവവൈവിധ്യ പാർക്ക് നിർമ്മാണം പറഞ്ഞത്
* ശലഭോദ്യാനം പരിപാലിക്കൽ
* സ്കൂൾ പച്ചക്കറിത്തോട്ടം പരിപാലിക്കൽ
* വീട്ടിൽ പൂന്തോട്ടം പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം

**സെപ്റ്റംബർ – ഒക്ടോബർ**

* ആരോഗ്യ കാർഡ് തയ്യാറാക്കൽ
* ആഹാര ശീലങ്ങൾ ആരോഗ്യ ശീലങ്ങൾ ഡോക്യുമെന്ററി

**നവംബർ – ഡിസംബർ**

* കാലാവസ്ഥയും വസ്ത്രവും- സ്കൂൾ ലൈബ്രറി,ഐ സി ടി എന്നിവയുടെ സഹായത്തോടെ ചർച്ച.
* വിവിധതരം വസ്ത്രങ്ങൾ- ആൽബം നിർമ്മാണം
* റോഡ് നിയമങ്ങൾ- ചർച്ച
* ട്രാഫിക് സിഗ്നൽ- മാതൃക നിർമ്മാണം
* പ്രഥമ ശുശ്രൂഷ പെട്ടി നിർമ്മാണം

**ജനുവരി – മാർച്ച്**

* രാത്രിയിലെ ആകാശം നിരീക്ഷണം
* രാത്രിയും പകലും പരീക്ഷണം
* ഗ്ലോബ് നിരീക്ഷണം
* ഇന്ത്യ - ദേശീയ ചിഹ്നങ്ങൾ
* കേരളം അടിസ്ഥാന വിവരങ്ങൾ ഭൂപട നിരീക്ഷണം
* കേരളത്തിന്റെ ഭൂപ്രകൃതി ഡോക്യുമെന്ററി പ്രദർശനം
* വിവിധതരം ആവാസ വ്യവസ്ഥകൾ ഐ സി ടി.
* ജീവികളുടെ കൂടുകളുടെ ശേഖരണം.

---

# ഗണിതം

## ലക്ഷ്യങ്ങൾ

* ഗണിതം നിത്യജീവിതവുമായി ബന്ധപ്പെട്ടുത്തിയുള്ളത് എന്ന ബോധം വളർത്തുക.
* ജാമിതീയ രൂപങ്ങൾ തിരിച്ചറിയാനും ചിത്രീകരിക്കാനും കഴിവ് വികസിപ്പിക്കുക.
* ചിത്രം വരയ്ക്കൽ, നിറം നല്കൽ, രൂപ നിർമ്മാണം എന്നിവയിലൂടെ ഗണിതപഠനം ആസ്വാദ്യകരമാക്കുക.

* യുക്തിചിന്ത, പ്രശ്നപരിഹാരം, അമൂർത്ത ആശയങ്ങളെ മനസ്സിലാക്കാനുള്ള ശേഷി വളർത്തുക.

* ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ അക്കങ്ങളായും അക്ഷരങ്ങളായും അവതരിപ്പിക്കാൻ പരിശീലനം നേടുക.

* നാണയങ്ങളും നോട്ടങ്ങളും കൈകാര്യം ചെയ്യുന്ന സാഹചര്യങ്ങളിലൂടെ സാമ്പത്തികബോധം വളർത്തുക.

* സമയത്തിന്റെ പ്രായോഗിക ഉപയോഗം മനസ്സിലാക്കാൻ അനുഭവങ്ങൾ ഒരുക്കുക.

* നീളത്തിന്റെ ഏകകങ്ങൾ (സെന്റീമീറ്റർ, മീറ്റർ) പരിചയപ്പെടുക, നീളം ഊഹിച്ച് പറയാനും കൃത്യമായി അളക്കാനും കഴിവ് വളർത്തുക.

* ആവർത്തന സങ്കലനത്തിന്റെ ആശയം തിരിച്ചറിയാൻ ഗുണന പ്രശ്നങ്ങൾ വഴി സഹായം ലഭ്യമാക്കുക.

* 9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണനതത്വങ്ങൾ മനസ്സിലാക്കുക.

* പഠനം വിനോദകരവും കുട്ടികളുടെ അനുഭവങ്ങളോട് സാമ്യമുള്ളതുമായ രീതിയിൽ നടത്തുക.

## പ്രവർത്തനങ്ങൾ

**ജൂൺ –ജൂലൈ**

* ജാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

* ചതുരം,വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് പുതിയ മാതൃകകളുടെ നിർമ്മാണം.

* വെജിറ്റബിൾ പ്രിന്റിംഗ്.

**ജൂലൈ– ഓഗസ്റ്റ്**

* ഓരോ കുട്ടിയും ഗണിതസഞ്ചി നിർമ്മിക്കുന്നു.

* കളി നോട്ടുകളുടെ നിർമ്മാണം.

* അബാക്കസ് നിർമ്മാണം.

**ഓഗസ്റ്റ്- സെപ്റ്റംബർ**

* പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

**ഒക്ടോബർ**

* മീറ്റർ സ്കെയിൽ നിർമ്മാണം. കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം അളക്കൽ.

**നവംബർ –ഡിസംബർ**

* ഗുണന വസ്തുത കാർഡ് നിർമ്മാണം

**ജനുവരി- ഫെബ്രുവരി**

* ക്ലോക്ക് നിർമ്മാണം.
* കലണ്ടർ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

**മാർച്ച്**
* അളവു പാത്രം നിർമ്മാണം. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

---

# English

## Aim

* Enable students to speak, read, and write English fluently and accurately through age-appropriate activities and real-life situations.

* To build confidence in speaking English – Encourage

students to express thoughts, feelings, and ideas confidently in public settings like school assemblies, class discussions, and school radio.

* To enhance listening comprehension – Improve students' ability to listen, understand, and respond through interactive activities, audio materials, stories, and ICT tools.

* Expand students' vocabulary by identifying and using naming words, action words, describing words, and correct sentence structures in both oral and written form.

* Promote regular reading through newspapers, library books, and textbooks to develop comprehension, imagination, and critical thinking.

* To encourage creative writing – Support students in writing stories, riddles, descriptions, letters, diaries, and notices, thereby nurturing their imagination and clarity of expression.

* To integrate English learning with everyday life – Connect classroom learning with real-life contexts like reading notices, writing announcements, or creating classroom post offices.

* To use technology in learning – Integrate ICT tools to make listening, reading, and speaking more engaging and effective.

## ACTIVITIES

**June – July**

Developing Listening and Speaking Skills

### *Listening Skills*

* Participate in interactive language games, action songs, and Hello English activities.

* Listen to and enact conversations, short skits, and storytelling sessions.

* Use ICT tools (audio stories, animated clips, apps) to enhance auditory learning.

### *Speaking Skills*

* Identify naming words (nouns) from a picture.

* Identify action words (verbs) from the same picture.

* Make simple sentences using both nouns and verbs related to the picture.

* Create symbol-based picture descriptions.

* Practice growing sentences, picture reading, and self-introductions.

* Share during school assemblies to build confidence.

### *August – September*

***Focus: Enhancing Creative Expression in Writing, Reading Skills***

### *Reading Skills*

* Read newspapers, library books, and breaking news headlines.
* Identify and collect new vocabulary words.
*Explore and read past tense verbs in stories.
* Identify and enjoy rhyming words in poems.
* Use descriptive words (adjectives) to add details.
* Participate in textbook-based reading comprehension activities.

### *Writing Skills*

* Create word webs based on themes or pictures.
* Write picture descriptions using adjectives.
* Build word chains and sentence chains.
* Construct short sentences and riddles.
* Frame simple conversations.
* Extend ideas by adding lines to short paragraphs.

## *October – November*

### *Focus: Expressing Thoughts and Emotions in Language*

* Continue reading newspapers and library books.
* Practice reading dialogues, skits, and short stories.
* Use ICT materials for enhanced reading experiences.
* Read and create stories from prompts.
* Understand and read notices and announcements.

* Write descriptive passages based on images or personal experiences.
* Express thoughts, wishes, and opinions in writing.

***December – January***

***Focus: Creative Speaking and Writing; Expressing Personal Feelings***

* Read newspapers, library books, and book reviews.
* Engage in story-based conversations and dramatizations.
* Use ICT resources for audio-visual story engagement.
* Read and develop stories from visuals.
* Read diaries and personal letters.
* Write personal diaries.

***February – March***

***Focus: Improving Presentation and Communication Skills***

* Read news, books, poems, stories, diaries, and letters.
* Continue ICT-based reading practices.
* Read and present self-created stories or creative passages.
* Maintain a personal diary.
* Frame announcements and notices.
* Describe events or visuals in detail.
* Express personal thoughts, opinions, and reflections.

*Suggested Activities*

* Speeches
* Book reviews
* Quizzes
* Riddles
* School radio contributions
* Description writing
* Self-introduction presentations
* Participation in school radio programs

# CLASS 4

## മലയാളം

### ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും ഭാഷാവികസനത്തിൽ പങ്കാളിത്തം ഉറപ്പാക്കുക.
* വായനാശീലം, വാക്കുസമ്പത്ത്, പരിചയവിശാലത എന്നിവ വർദ്ധിപ്പിക്കുക.
* സൃഷ്ടിപരമായ എഴുത്ത് കഴിവുകൾ വളർത്തുക.
* ജീവിതഗന്ധിയായ ഭാഷാ പ്രയോഗങ്ങൾ ഉപയോഗിക്കുന്നതിന് അവസരങ്ങൾ സൃഷ്ടിക്കുക.
* ഭാഷാ പൈതൃകത്തോടുള്ള അഭിമാനം വളർത്തുക.
* ഭാഷയും കലയും ചേർന്ന ഒരു അനുഭവാത്മക പഠനം നടത്തുക.
* ഭാഷാരചനയിൽ അഭിരുചിയും ആത്മവിശ്വാസവും വളർത്തുക.
* മികച്ച ഭാഷാ അവതരണത്തിൻറെ അവസരങ്ങൾ ഒരുക്കുക.

**1. ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം**

**പ്രവർത്തനം:**

* പ്രാരംഭ പരിശോധന നടത്തി പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക.

* ഒരു മാസംപോലും വ്യക്തിഗത പരിശീലനം, സഹപാഠി പിന്തുണ, ചെറിയ ഗ്രൂപ്പ് പ്രവർത്തനങ്ങൾ എന്നിവ നൽകുക.

**2. വായിച്ച് വളരാം**

**പ്രവർത്തനം:**

* വായിച്ച പുസ്തകങ്ങളുടെ വായന കുറിപ്പുകൾ തയ്യാറാക്കുക.

* ക്ലാസ് അസംബ്ലിയിലും വായനാ ദിനത്തിലും അവതരിപ്പിക്കുക.

**3. എഴുത്തിലൂടെ വളരാം**

**പ്രവർത്തനം:**

* ലേഖനം, കവിത, കഥ, അനുഭവം എഴുതൽ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുക.

* മാസത്തിൽ ഒരിക്കൽ എഴുത്ത് ചുറ്റിക സംഘടിപ്പിക്കുക.

**4. വീഡിയോ പ്രദർശനം**

**പ്രവർത്തനം:**

* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥാവശിഷ്ടങ്ങളുടെയും കവിതകളുടെയും വീഡിയോ പ്രദർശനം നടത്തുക.

* തുടർന്ന് സംഭാഷണവും എഴുത്തുപരീക്ഷണങ്ങളും നടത്തുക.

* കാഴ്ചയുടെയും കേൾവിയുടെയും അടിസ്ഥാനത്തിൽ അർത്ഥഗ്രഹണം വികസിപ്പിക്കുക.

**5. ഭക്ഷ്യമേള**

**പ്രവർത്തനം:**

* ക്ലാസ് തലത്തിൽ പാചക പ്രദർശനം നടത്തുക.
* കുട്ടികൾ പാചകക്കുറിപ്പുകൾ തയ്യാറാക്കുകയും വിഭവങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക.

**6. അടുത്തറിയാം, അഭിമാനിക്കാം**

**പ്രവർത്തനം:**

* മലയാള സാഹിത്യകാരന്മാരുടെ ചിത്രങ്ങളും ജീവചരിത്രവും പ്രധാന കൃതികളും അടങ്ങിയ പ്രദർശനം ഒരുക്കുക.
* കുട്ടികൾ അവരെക്കുറിച്ച് അസംബ്ലിയിൽ സംസാരിക്കുക.

**7. കലകളിലൂടെ പാഠഭാഗങ്ങൾ പഠിക്കുക**

**പ്രവർത്തനം:**

* കഥകളി, തെയ്യം, നാടോടിക്കളി തുടങ്ങിയ കലാരൂപങ്ങളിലെ പ്രദർശനങ്ങൾ കാണുക.
* കലാകാരന്മാരെ ക്ലാസിലോ ഓൺലൈനിലോ സ്വാഗതം ചെയ്യുക.

**8. രചനാശില്പശാല**

**പ്രവർത്തനം:**

* രചനാശില്പശാല ക്ലാസ് തലത്തിലും രക്ഷിതാക്കൾക്കുമായി നടത്തുക.
* കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഒരു മാസിക രൂപപ്പെടുത്തുക.

9. സർഗ്ഗോത്സവം

**പ്രവർത്തനം:**

* കവിത, കഥ, രചന, സംവാദം, നാടകം തുടങ്ങിയവയിൽ കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കാൻ ഒരു വേദി ഒരുക്കുക.
* എഴുത്ത്, ചിത്രരചന, നാടകം തുടങ്ങി മുഴുവൻ മേഖലകളിലും പങ്കെടുപ്പിക്കുക.

**പ്രതീക്ഷിച്ച ഫലങ്ങൾ**

* കേൾവിയും വായനയും എഴുത്തും സംസാരവും ഉൾപ്പെടുന്ന ഭാഷാ കഴിവുകളുടെ വികസനം
* സാംസ്ക്കാരിക ബോധവും സംവേദന ശേഷിയും വളർത്തുന്ന അനുഭവങ്ങൾ
* സഹപാഠികളോടൊപ്പം പ്രവർത്തിക്കാനുള്ള കഴിവ്
* ഭാഷ പഠനത്തിലേക്ക് ആസ്വാദനപരമായ സമീപനം

---

# പരിസരപഠനം

കാലപരിധി: ജൂൺ മുതൽ മാർച്ച് വരെ

**ലക്ഷ്യങ്ങൾ**

* വിദ്യാർത്ഥികൾക്ക് തങ്ങളുടെ ചുറ്റുപാടിനെ ആഴത്തിൽ പരിചയപ്പെടുത്തുകയും, ശാസ്ത്രീയ മനോഭാവം, നിരീക്ഷണശേഷി, പ്രശ്നപരിഹാര കഴിവുകൾ എന്നിവ വളർത്തുകയും ചെയ്യുക.
* പ്രകൃതിയോടുള്ള അടുക്കം വൈവിധ്യബോധവുമുള്ള നിരീക്ഷണം വളർത്തുക.
* ശാസ്ത്രീയ ചിന്തയും പ്രയോഗശീലവുമുള്ള പഠനം പ്രോത്സാഹിപ്പിക്കുക.
* അനുഭവാത്മകവും കാഴ്ചയിലും ആസ്വാദ്യകരവുമായ പഠനം നടപ്പാക്കുക.
* ശ്രദ്ധയോടെയും ഉത്സാഹത്തോടെയും പഠനം തുടരാനുള്ള ഉണർവ്വ് നൽകുക.

* രചനയും ശാസ്ത്രീയ ആലോചനയും ഏകോപിപ്പിക്കുക.
* പൊതുവേദിയിൽ സംസാരിക്കാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുക.
* മാറ്റം സൃഷ്ടിക്കുന്ന ശാസ്ത്രീയ മനോഭാവം, സഹകരണം, പ്രകടനം എന്നിവ അഭിവൃദ്ധിപ്പിക്കുക.
* ഭൗമശാസ്ത്രപരമായ ധാരണയും സ്ഥലബോധവും വർദ്ധിപ്പിക്കുക.
* അനുഭവം മുഖേന പഠനശേഷി വികസിപ്പിക്കുക.
* സഹജാഗ്രതയും ജിജ്ഞാസയും വളർത്തുന്ന ശാസ്ത്രീയ കാഴ്ചപ്പാട് നൽകുക.

**1. പരിസര നിരീക്ഷണം**

**പ്രവർത്തനം:**

* വിദ്യാർത്ഥികൾ സ്കൂളിനും വീടിനും ചുറ്റുമുള്ള പ്രകൃതിയെ നിരീക്ഷിക്കുക
* വൃക്ഷങ്ങൾ, കിളികൾ, ജീവികൾ, നിലങ്ങൾ, ജലസ്രോതസുകൾ എന്നിവ തിരിച്ചറിയുക

**2. ശാസ്ത്രമൂല ഒരുക്കൽ**

**പ്രവർത്തനം:**

* പഠിച്ച ശാസ്ത്രീയ ആശയങ്ങൾ ആസ്പദമാക്കി ലഘു പരീക്ഷണങ്ങൾ തയ്യാറാക്കുക
* ക്ലാസിൽ അവതരിപ്പിക്കുക

**3. ശാസ്ത്ര പ്രദർശനം**

**പ്രവർത്തനം:**

* ചാർട്ടുകൾ, ആൽബങ്ങൾ, ലഘുപതിപ്പുകൾ എന്നിവ തയ്യാറാക്കി പ്രദർശനം സംഘടിപ്പിക്കുക

**4. ശാസ്ത്ര പ്രശ്നോത്തരി**

**പ്രവർത്തനം:**

* വിദ്യാർത്ഥികൾക്കായി ശാസ്ത്രാധിഷ്ഠിത ക്വിസ് സംഘടിപ്പിക്കുക

**5. ശാസ്ത്ര മാഗസിൻ**

**പ്രവർത്തനം:**

* കുട്ടികളുടെ ശാസ്ത്രീയ രചനകൾ, രചനാശൈലികൾ, ചിത്രങ്ങൾ, ലഘുപരീക്ഷണങ്ങൾ എന്നിവ ചേർത്ത് മാസിക പുറത്തിറക്കുക

**6. അസംബ്ലിയിൽ ലഘു പരീക്ഷണങ്ങൾ**

**പ്രവർത്തനം:**

* വിദ്യാർത്ഥികൾ ക്ലാസ് അസംബ്ലിയിൽ ലളിത ശാസ്ത്രപരീക്ഷണങ്ങൾ അവതരിപ്പിക്കുക

**7. ശാസ്ത്രോത്സവം**

**പ്രവർത്തനം:**

* വാർഷികമായി ശാസ്ത്രോത്സവം സംഘടിപ്പിക്കുക
* മോഡലുകൾ, പോസ്റ്ററുകൾ, പഠനവിവരങ്ങൾ, പരീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കുക

**8. ഭൂപട വായന**

**പ്രവർത്തനം:**

* ഇന്ത്യ, കേരളം എന്നിവയുടെ ഭൂപടങ്ങൾ ഉപയോഗിച്ച് പ്രധാന സംസ്ഥാനങ്ങൾ, നദികൾ, പർവതങ്ങൾ തുടങ്ങിയവ കണ്ടെത്തുക.
* വായിച്ച വിവരങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുക

### 9. ഫീൽഡ് ട്രിപ്പ്

**പ്രവർത്തനം:**

* പ്രദേശത്തെ പച്ചക്കറി തോട്ടം, കൃഷിയിടം, നദിതീരം, ശുചിത്വ കേന്ദ്രം, ശാസ്ത്ര കേന്ദ്രം, വനപാത മുതലായവ സന്ദർശിക്കുക

### 10. വാനനിരീക്ഷണ ക്ലാസ്

**പ്രവർത്തനം:**

* രാത്രി സമയത്ത് നക്ഷത്രങ്ങൾ, ചന്ദ്രൻ, ഗ്രഹങ്ങൾ എന്നിവ കാണുന്ന വാനനിരീക്ഷണ ക്ലാസ് നടത്തുക

* നിരീക്ഷിച്ച വിവരങ്ങൾ രേഖപ്പെടുത്താൻ പരിശീലനം നൽകുക

## പ്രതീക്ഷിക്കുന്ന ഫലങ്ങൾ

* കുട്ടികളിൽ പദാർത്ഥ ബോധവും പ്രകൃതിജ്ഞാനവും വർദ്ധിക്കുക

* ശാസ്ത്രീയ നിരീക്ഷണവും ചിന്തനശേഷിയും വികസിപ്പിക്കുക

* സംശയങ്ങൾക്ക് ഉത്തരങ്ങൾ അന്വേഷിക്കുന്ന നിലപാട് വളർത്തുക

* പ്രദർശനം, ഗ്രൂപ്പ് പ്രവർത്തനം എന്നിവയിലൂടെയുള്ള അനുഭവപാഠം ഉറപ്പാക്കുക

# ഗണിതം

കാലപരിധി: ജൂൺ മുതൽ മാർച്ച് വരെ

**ലക്ഷ്യങ്ങൾ**

* കുട്ടികളിൽ ഗണിതം അർത്ഥപൂർണവും ആസ്വാദ്യകരവുമാക്കിയെടുക്കാൻ സഹായിക്കുക.

* ഗണിതത്തെ നിത്യജീവിതത്തോടും കളിയുടെയും രചനാപരമായ പ്രവർത്തനങ്ങളുടെയും മാർഗത്തിൽ ബന്ധിപ്പിച്ച് പഠനമാന്ദ്യവും ഭയവും ഒഴിവാക്കുക.

* ഗണിതത്തിന്റെ അടിസ്ഥാനക്രിയകൾ, വിനോദാത്മകമായ രീതിയിൽ ലളിതവത്കരിച്ച് അഭ്യസിക്കാൻ അവസരം നൽകുക.

* പ്രായോഗിക പഠനം കാര്യക്ഷമമാക്കാനും, സ്വയംപരിശോധനയ്ക്കുള്ള അവസരം നൽകാനും സഹായിക്കുക.

* പാഠവസ്തുക്കളുടെ ആഴത്തിലുള്ള അഭ്യസനം, പ്രകടനശേഷി, സർഗ്ഗാത്മകത എന്നിവ വളർത്തുക.

* പ്രവൃത്തിയിലൂടെ പഠനം, സംരംഭശക്തി, വിശകലനശേഷി എന്നിവ വളർത്തുക.

* പൊതുവേദിയിൽ ഗണിതാശയങ്ങൾ പങ്കുവെക്കാനുള്ള ആത്മവിശ്വാസം, കൂട്ടുചിന്തനം, സംവേദനശേഷി എന്നിവ വളർത്തുക.

* ഹസ്തചതുരതയും ജ്യാമിതീയ ബോധവും വളർത്തുക.

**1. കളികളിലൂടെ പഠനം**

**പ്രവർത്തനം:**

* പാഠത്തിലെ ചതുഷ്ക്രിയകളായ കൂട്ടൽ കുറയ്ക്കൽ, ഗുണനം,ഹരണം എന്നിവ എളുപ്പത്തിൽ മനസ്സിലാക്കാൻ ഏണിയും പാമ്പും, ഡയ്സ് കളികൾ, സാംഖ്യ ക്രമീകരണ ഗെയിമുകൾ എന്നിവ ഉപയോഗിക്കുക.

**2. ഒറിഗാമിയിലൂടെ പഠിക്കാം**

**പ്രവർത്തനം:**

* തവള, പാറ്റ, കുപ്പിവളയം, കുപ്പായം തുടങ്ങിയ ഒറിഗാമി രൂപങ്ങൾ നിർമ്മിച്ച് ത്രികോണം, ചതുരം, പരലലപ്പത്രി എന്നീ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുക.
* ഒറിഗാമി പ്രദർശനം സംഘടിപ്പിക്കുക.

**3. ഗണിതച്ചെപ്പ് (Math Kit)**

**പ്രവർത്തനം:**

* ക്ലാസ്സിൽ ഗണിത പഠനത്തിനായി ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കുക, ഉണ്ടാക്കുക, ഉപയോഗിക്കുക – ഈർക്കിൽ, കട്ടൻ കാർഡ്, പോപ്പികോൺ സീഡുകൾ തുടങ്ങിയവ.

**4. ഗണിതമേള**

**പ്രവർത്തനം:**

* പാഠഭാഗങ്ങളിൽ നിന്നുള്ള ആശയങ്ങൾ (മാപ്പ് വായന, അളവ്, സമയം, രൂപങ്ങൾ, ഗുണനം മുതലായവ) അടിസ്ഥാനമാക്കി കുട്ടികൾ തയ്യാറാക്കിയ മോഡലുകൾ, ചിത്രങ്ങൾ, കാർഡുകൾ, കണക്കുകൾ എന്നിവയുടെ പ്രദർശനം സംഘടിപ്പിക്കുക.

**5. പഠനോപകരണ നിർമ്മാണ ശില്പശാല**

**പ്രവർത്തനം:**

* പഠനോപകരണങ്ങൾ കുട്ടികൾ തന്നെ തയ്യാറാക്കുന്ന ശില്പശാല സംഘടിപ്പിക്കുക (ഉദാ: ജ്യാമിതീയ രൂപങ്ങൾ, അളവ് കുപ്പികൾ, സംഖ്യ ഗെയിമുകൾ).

## 6. ഗണിത അസംബ്ലി

**പ്രവർത്തനം:**

* മാസത്തിൽ ഒരിക്കൽ ഗണിത അസംബ്ലി സംഘടിപ്പിക്കുക.

* അതിൽ ഗണിത പാട്ടുകൾ, ഗണിത പസിലുകൾ, പ്രശ്നോത്തരികൾ, ചതുഷ്ക്രിയഗാനം, കവിത, റാപ്പ്, എന്നിവ അവതരിപ്പിക്കുക.

## പ്രതീക്ഷിച്ച ഫലങ്ങൾ

* ഗണിതഭയം കുറയ്ക്കുന്ന സമീപനം കൊണ്ടു പഠനത്തിൽ ഉത്സാഹവും പങ്കെടുക്കലും വർദ്ധിപ്പിക്കുക.

* വിജ്ഞാനപരമായ, കാഴ്ചയുടെയും സ്പർശാനുഭവത്തിന്റെയും അടിസ്ഥാനത്തിൽ അർത്ഥമാക്കുന്ന പഠനം.

* കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകളും, ശാസ്ത്രീയ ചിന്തനശേഷിയും ഉപയോഗപ്പെടുത്തുന്ന അവസരങ്ങൾ.

* ഗണിതം ജീവിതവുമായും, കലാവിസ്മയങ്ങളുമായും ബന്ധിപ്പിച്ച് ആനന്ദകരമായി പഠിപ്പിക്കുക.

# English

Duration: June to March

**Objectives**:

* To bring English into everyday use and develop functional language skills.

* To strengthen speaking, expression, and comprehension skills by connecting language with stories and emotions.

* To build writing fluency, self-expression, and daily usage of English.

* To create a public platform for students to showcase and build confidence in their English skills.

* To promote a love for reading, independent learning, and vocabulary building.

* To encourage creativity, ownership, and pride in English writing and expression.

* To provide a fun and competitive platform for developing English skills—speaking, listening, reading, and writing.

## 1. English in Daily Life

***Activity:***

* Encourage students to use simple English expressions and sentences in classroom and at home.

Teachers model classroom communication in English (e.g., "May I drink water?", "Please pass the book.")

Parents are guided to help children practice greetings, self-introductions, and polite conversation in English.

## 2. Presenting Discourses (Textbook-Based)

***Activity:***

* Prepare and present discourses like roleplays, skits, dialogues, storytelling, and conversations based on textbook lessons.
* Use costumes and props to make it interactive.

## 3. Diary Writing in English

***Activity:***

* Motivate students to maintain a simple English diary, writing one or two sentences daily.
* Prompts may be given: “What did you enjoy today?”, “What new word did you learn?”

## 4. English Assembly

***Activity:***

* Conduct monthly or fortnightly English assemblies.
* Include thoughts for the day, word of the day, English songs, skits, riddles, speeches, and book reviews.

## 5. English Corner

***Activity:***

* Set up an English reading corner in the classroom or library with storybooks, charts, word trees, and flashcards.
* Students write and present their reading reflections or reviews.

## 6. English Magazine

***Activity:***

* Compile student works like poems, short stories, riddles, essays, diary entries, and art with English captions.
* Publish as a class or school English magazine.

## 7. English Fest

***Activity:***

* Organize an English Fest with language-based activities:
. Elocution
. Spelling Bee
. Roleplay
. Drama
. English Song/Dance
. Quiz

# Expected Outcomes

* Improved confidence and fluency in spoken English

* Real-life use of English, promoting functional and meaningful learning

* Students begin to initiate conversations and respond confidently in simple English in both school and home environments.

* Ability to follow classroom instructions, understand spoken English in activities like stories, conversations, and roleplays.

* Students confidently speak on stage, participate in assemblies, and perform in skits and roleplays with clear pronunciation and correct expressions.

* Children start to create their own short stories, poems, and reflections, showing increased originality and understanding of sentence structure.

* Learners develop an interest in reading storybooks, newspapers, and magazine articles, and are able to summarize or express opinions about them.

* Activities like quizzes, riddles, and discussions encourage students to think, reason, and express opinions clearly.



**Presented by**

**GVLPS CHITTUR**
**Faculty Team**